പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4859 27/06/2014-ൽ മറുപടിക്ക്

"ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി'

| ചോദ്യം<br>ശ്രീ. എസ്.ശർമ്മ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി ) | |
|---|---|---|---|
| (എ) | ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം വായ്പ എടുത്തവർക്ക് കാലാവധിക്ക് മുൻപ് വായ്പ ഒരുമിച്ച് അടച്ച് കഴിഞ്ഞാൽ പ്രമാണം തിരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | ഇ.എം.എസ് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയോ, സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുകയോ ചെയ്യുമ്പോൾ വസ്തുവിന്റെ ആധാരം പണയപ്പെടുത്തുകയോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. അനുവദിക്കുന്ന സ്ഥലത്തിന്റെ/വീടിന്റെ അന്യാധീനപ്പെടുത്തലും കൈമാറ്റവും 12 വർഷത്തേക്ക് ഒഴിവാക്കുന്നതിന് നിശ്ചിത മാതൃകയിൽ ഗുണഭോക്താവ് ഒരു കരാർ പത്രം തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ പേരിൽ എഴുതി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുകയാണ് ചെയ്യുന്നത്. |
| (ബി) | ഇതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ് എന്നറിയിക്കുമോ ; | (ബി) | ഗുണഭോക്താക്കളുടെ അപേക്ഷ പരിഗണിച്ച് ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്മിറ്റിയുടെ അനുകൂല ശുപാർശയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താവ് കൈപ്പറ്റിയ തുക പലിശസഹിതം തിരിച്ചടച്ചുവെന്ന് ഉറപ്പു വരുത്തിയ ശേഷം വായ്പാകരാർ പത്രം റദ്ദാക്കി നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്, അപേക്ഷകളിന്മേൽ എടുത്ത തീരുമാനം എന്തെന്ന് വ്യക്തമാക്കുമോ ; | (സി) | നിരവധി അപേക്ഷകൾ ലഭ്യമാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വൈപ്പിൻ മണ്ഡലത്തിൽ നിന്നും ഇപ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ? | (ഡി) | വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നിന്നും 6 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ